**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 697** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളും നിലവിൽ അനുവദിക്കുന്ന നഷ്ടപരിഹാരം എത്രയാണെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേൽക്കുന്നവർക്കുമുള്ള ധനസഹായം കേരള റൂൾസ് ഫോർ കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ്, 1980 പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ചാണ് അനുവദിക്കുന്നത്.

മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചതിനെ തുടർന്ന് വന്യജീവി സംഘർഷം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായ മാനദണ്ഡങ്ങൾ 09/05/2025 ലെ സ.ഉ. (സാധാ ) നം . 304/2025/DMD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി ഉത്തരവും , സ.ഉ. (കൈ) നം. 167/2026/RD തീയതി 15/03/2026 , സഉ (സാധാ) നം. 209/2026/DMD തീയതി 11/05/2026 എന്നിവ പ്രകാരവുമാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്കും പരിക്ക്, കൃഷിനാശം, സ്വത്ത് നഷ്ടം, കന്നുകാലി നഷ്ടം എന്നിവ സംഭവിക്കുന്നവർക്കും നിലവിൽ ധനസഹായം നൽകിവരുന്നത് . വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 14 ലക്ഷം രൂപയും വനത്തിന് പുറത്ത് പാമ്പുകടിയേറ്റും തേനീച്ച/കടന്നൽ എന്നിവയുടെ കുത്തേറ്റും മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

സ.ഉ. (കൈ) നം. 167/2026/റവന്യൂ തീയതി 15/03/2026 പ്രകാരം ഒരാഴ്ചയിൽ കൂടുതലുള്ള ആശുപത്രി വാസത്തിന് ഒരു ലക്ഷം രൂപവരെയും ദീർഘകാല ചികിത്സ ആവശ്യമായി വരുന്ന പക്ഷം ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചെലവാകുന്ന യഥാർത്ഥ തുകയും അനുവദിക്കുന്നതാണ്.

**(ബി)** നിലവിൽ നഷ്ടപരിഹാര ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ നഷ്ടപരിഹാര ഇനത്തിൽ 158.945 ലക്ഷം രൂപ കുടിശ്ശികയായി നൽകാനുണ്ട്.

**(സി)** വന്യജീവി ആക്രമണത്തിന് ഇരയായവരുടെ കുടുംബങ്ങൾക്ക് പ്രഖ്യാപിച്ച ധനസഹായവും ആശ്രിതർക്കുള്ള ജോലിയും സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** വന്യജീവി ആക്രമണത്തിന് ഇരയായവരുടെ കുടുംബങ്ങൾക്ക് നിലവിൽ പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദനീയമായ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്കും ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതും അനുസരിച്ച് നൽകി വരുന്നു. വന്യജീവി ആക്രമണത്തിന് ഇരയാകുന്നവരുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകുവാൻ നിലവിൽ നിയമ വ്യവസ്ഥ ഇല്ലാത്തതാകുന്നു.

**സെക്ഷൻ ഓഫീസർ**